പി3/23157/2018/കോ.വി.വ

കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ
കാര്യാലയം തിരുവനന്തപുരം
തീയതി- 01.02.2019

## പരിപത്രം

ഒരു നിശ്ചിത സാമ്പത്തിക വർഷത്തിലെ പ്ലാൻ പദ്ധതി വഴി അനുവദിക്കുന്ന തുകകൾ നിശ്ചിത സാമ്പത്തിക വർഷം ഉപയോഗിക്കാതെ e-LAMS ൽ നിക്ഷേപിക്കേണ്ടിവരുമ്പോഴും , ട്രഷറി ക്യൂൽപെടുന്ന ബില്ലുകൾ ക്ലിയർ ചെയ്യണ്ട സാഹചര്യം വരുമ്പോഴും, പ്രസ്തുത സാഹചര്യങ്ങളില തുകകൾ അടുത്ത സാമ്പത്തിക വർഷം വകുപ്പിനായി അനുവദിക്കുന്ന പ്ലാൻഫണ്ടിലെ തുകയിൽ നിന്നും സർക്കാർ കുറവ് വരുത്തുന്നതാണ്.

കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലെ വിവിധ സ്ഥാപനങ്ങളിൽ പ്ലാൻ പദ്ധതിയിൽ നിന്ന് നിശ്ചിത ശീർഷകത്തിൽ അനുവദിച്ച തുക നിശ്ചിത സാമ്പത്തിക വർഷം ഉപയോഗിക്കാതെ elams ൽ നിക്ഷേപിക്കുകയോ , ട്രഷറി ക്യൂ ബില്ലുകൾ ആകേണ്ട സാഹചര്യം വരുത്തുകയോ ചെയ്താൽ പ്രസ്തുത സ്ഥാപനത്തിന് അടുത്ത സാമ്പത്തിക വർഷം ടി ശീർഷകത്തിൽ തുക അനുവദിക്കുന്നതല്ല . കൂടാതെ മാറ്റ് ശീർഷകങ്ങളിലും ബാക്കിയുള്ള സ്ഥാപനങ്ങളിലെ പ്രൊപ്പോസലുകൾ പരിഗണിച്ചതിന് ശേഷം മാത്രമേ ടി സ്ഥാപനത്തിന്റെ പ്രൊപ്പോസലുകൾ പരിഗണിക്കുകയുള്ളൂയെന്ന് ഇതിനാൽ അറിയിക്കുന്നു.

Jayasree M.A

ജയശ്രീ എം എ
സീനിയർ ഫിനാൻസ് ഓഫീസർ
കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്കുവേണ്ടി